15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1655 08-12-2022 - ൽ മറുപടിയ്ക്ക്

ഡയാലിസിസ് യൂണിറ്റിന് വൈദ്യുതി കണക്ഷൻ ലഭിക്കാൻ നിരാക്ഷേപ പത്രം നല്കുന്നത് സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ; | (എ) | നിരാക്ഷേപ പത്രത്തിനുള്ള ദേവികുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്.ദേവികുളം താലൂക്കിൽ, കെ.ഡിഎച്ച് വില്ലേജിൽ സർവേ നമ്പർ 20/1 ൽ പ്പെട്ട 137.59.700 ഏക്കർ സർക്കാർ പുറമ്പോക്കിൽ ഉൾപ്പെട്ട് വരുന്ന സ്ഥലത്ത് ദേവികുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഉടമസ്ഥതയിൽ 2013 മുതൽ മൂന്ന് ഷട്ടറോട് കൂടിയതും മുകൾനിലയിൽ ഒരു മുറിയുള്ളതും ബാക്കി ഷീറ്റിട്ട് മറച്ചതുമായ 306എ നമ്പർ കെട്ടിടം സ്ഥിതിചെയ്യുന്നു. ടി വസ്തു പഞ്ചായത്തിന് ഏതു രീതിയിൽ കൈമാറിക്കിട്ടിയതാണെന്ന രേഖകൾ ലഭ്യമല്ല. കെട്ടിടത്തിന്റെ വിവരങ്ങൾ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. സർക്കാർ പുറമ്പോക്ക് വസ്തുവിൽ റവന്യൂ വകുപ്പിൽ നിന്നുള്ള അനുമതിയില്ലാതെ പണിത കെട്ടിടത്തിനാണ് എൻ.ഒ.സി ആവശ്യപ്പെട്ടിരിക്കുന്നത്.ടി വസ്തു ബ്ലോക്ക് പഞ്ചായത്തിന് അനുവദിക്കുന്നതിന് പെർമിസീവ് സാങ്ഷന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ വാങ്ങി അനുമതി ലഭ്യമാക്കുന്നതിനും നിലവിലെ ആവശ്യത്തിന് ഉപാധികളോടെ എൻ.ഒ.സി അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | നിരാക്ഷേപ പത്രം നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (ബി) | നിരാക്ഷേപ പത്രത്തിനുള്ള ദേവികുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്.ദേവികുളം താലൂക്കിൽ, കെ.ഡിഎച്ച് വില്ലേജിൽ സർവേ നമ്പർ 20/1 ൽ പ്പെട്ട 137.59.700 ഏക്കർ സർക്കാർ പുറമ്പോക്കിൽ ഉൾപ്പെട്ട് വരുന്ന സ്ഥലത്ത് ദേവികുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഉടമസ്ഥതയിൽ 2013 മുതൽ മൂന്ന് ഷട്ടറോട് കൂടിയതും മുകൾനിലയിൽ ഒരു മുറിയുള്ളതും ബാക്കി ഷീറ്റിട്ട് മറച്ചതുമായ 306എ നമ്പർ കെട്ടിടം സ്ഥിതിചെയ്യുന്നു. ടി വസ്തു പഞ്ചായത്തിന് ഏതു രീതിയിൽ കൈമാറിക്കിട്ടിയതാണെന്ന രേഖകൾ |

| | | | |
|---|---|---|---|
| | | | ലഭ്യമല്ല. കെട്ടിടത്തിന്റെ വിവരങ്ങൾ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. സർക്കാർ പുറമ്പോക്ക് വസ്തുവിൽ റവന്യൂ വകുപ്പിൽ നിന്നുള്ള അനുമതിയില്ലാതെ പണിത കെട്ടിടത്തിനാണ് എൻ.ഒ.സി ആവശ്യപ്പെട്ടിരിക്കുന്നത്.ടി വസ്തു ബ്ലോക്ക് പഞ്ചായത്തിന് അനുവദിക്കുന്നതിന് പെർമിസീവ് സാങ്ഷന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ വാങ്ങി അനുമതി ലഭ്യമാക്കുന്നതിനും നിലവിലെ ആവശ്യത്തിന് ഉപാധികളോടെ എൻ.ഒ.സി അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | നിരാക്ഷേപ പത്രം നൽകുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | നിരാക്ഷേപ പത്രത്തിനുള്ള ദേവികുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്.ദേവികുളം താലൂക്കിൽ, കെ.ഡിഎച്ച് വില്ലേജിൽ സർവേ നമ്പർ 20/1 ൽ പ്പെട്ട 137.59.700 ഏക്കർ സർക്കാർ പുറമ്പോക്കിൽ ഉൾപ്പെട്ട് വരുന്ന സ്ഥലത്ത് ദേവികുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഉടമസ്ഥതയിൽ 2013 മുതൽ മൂന്ന് ഷട്ടറോട് കൂടിയതും മുകൾനിലയിൽ ഒരു മുറിയുള്ളതും ബാക്കി ഷീറ്റിട്ട് മറച്ചതുമായ 306എ നമ്പർ കെട്ടിടം സ്ഥിതിചെയ്യുന്നു. ടി വസ്തു പഞ്ചായത്തിന് ഏതു രീതിയിൽ കൈമാറിക്കിട്ടിയതാണെന്ന രേഖകൾ ലഭ്യമല്ല. കെട്ടിടത്തിന്റെ വിവരങ്ങൾ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. സർക്കാർ പുറമ്പോക്ക് വസ്തുവിൽ റവന്യൂ വകുപ്പിൽ നിന്നുള്ള അനുമതിയില്ലാതെ പണിത കെട്ടിടത്തിനാണ് എൻ.ഒ.സി ആവശ്യപ്പെട്ടിരിക്കുന്നത്.ടി വസ്തു ബ്ലോക്ക് പഞ്ചായത്തിന് അനുവദിക്കുന്നതിന് പെർമിസീവ് സാങ്ഷന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ വാങ്ങി അനുമതി ലഭ്യമാക്കുന്നതിനും നിലവിലെ ആവശ്യത്തിന് ഉപാധികളോടെ എൻ.ഒ.സി അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ